Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദരങ്ങളെ, വത്സലമക്കളെ,

അനുരഞ്ജനമാണ് ഈശോയുടെ സുവിശേഷത്തിന്റെ സാരസംഗ്രഹം! ഈശോ തന്റെ പരസ്യപ്രഭാഷണം ആരംഭിച്ചത് ഇപ്രകാരമാണ്. 'സമയം സമാഗതമായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക' (മാർക്കോ. 1/15). സുവിശേഷത്തിന്റെ സന്തോഷത്തിലേക്കുള്ള ഇടുങ്ങിയ വാതിലാണ് അനുരഞ്ജനം. 'അനുരഞ്ജിതരായി തീർന്നീടാം...' എന്നുദ്ഘോഷിച്ചുകൊണ്ടാണല്ലോ ഓരോ വിശുദ്ധ കുർബാനയും നാം ആരംഭിക്കുന്നത്. വിശുദ്ധ കുർബാന അർപ്പണം സത്യസന്ധമാവണമെങ്കിൽ അനുരഞ്ജനം സംഭവിച്ചിരിക്കണം. 'കാഴ്ചവസ്തു ബലിപീഠത്തിനുമുൻപിൽ വച്ചശേഷം പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക' (മത്തായി 5/24) എന്ന വചനം പറയുന്നതും പ്രാർത്ഥനയുടെ ഏറ്റവും കാതലായ കാര്യം അനുരഞ്ജനമാണെന്നാണ്. നോമ്പുകാലത്തിലെ അതിവിശുദ്ധ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുമ്പോൾ അനുരഞ്ജനത്തിന്റെ ആവശ്യകതയേയും അനുരഞ്ജനം സാധ്യമാക്കാനുള്ള വഴികളേയുംകുറിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

അനുരഞ്ജനമെന്നാൽ വൈകാരികമായ ഒരു കൂടിച്ചേരൽ മാത്രമല്ല. ബന്ധങ്ങളുടെ ക്രമീകരണമാണ് അനുരഞ്ജനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. തകർന്ന ബന്ധങ്ങൾ കൂട്ടിയിണക്കി ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പൂർവ്വസ്ഥിതിയിലാക്കി ബന്ധങ്ങൾ തുടരാൻ കഴിയുമ്പോഴാണ് യഥാർത്ഥത്തിൽ അനുരഞ്ജനം നടന്നു എന്നു പറയാനാകുക. ത്യാഗപൂർണ്ണമായ ചുവടുവയ്പുകൾ അതിനാവശ്യമാണ്. മറന്നുപോയവരെയും മനപ്പൂർവ്വം അവഗണിക്കുന്നവരെയും വെറുത്തുപേക്ഷിച്ചവരേയും കരുണയോടെ ഓർമ്മിക്കാനുള്ള ഒരു നല്ല മനസ്സ്; അസ്ഥിരവും നാമമാത്രവുമായ ബന്ധങ്ങളെ സ്ഥിരപ്പെടുത്താനും ഊഷ്മളമാക്കാനുമുള്ള തീരുമാനം; മുറിഞ്ഞുപോയ ബന്ധങ്ങൾ വിളക്കിചേർക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ - ഇതൊക്കെയാണ് അനുരഞ്ജനത്തിന്റെ ആദ്യപടവുകൾ.

ബന്ധങ്ങൾ തകരാനുള്ള കാരണങ്ങൾ സൂക്ഷ്മതയോടും അനുതാപത്തോടുംകൂടെ പരിശോധിക്കണം. ഒരുമിച്ച് മുമ്പോട്ടുള്ള യാത്ര സുരക്ഷിതമാക്കാൻ ഉപകരിക്കുന്ന വിലപ്പെട്ട പാഠങ്ങളും ശക്തമായ താക്കീതും നൽകാൻ ഇത്തരം പരിശോധനകൾക്ക് സാധിക്കും. ഇരുകൂട്ടരുടേയോ അല്ലെങ്കിൽ ഒരാളുടെയോ പാപം, ധാരണ പിശക്, വാശി, മുൻവിധി, മനോവൈകല്യം എന്നിങ്ങനെ ബന്ധങ്ങൾ തകരാനുള്ള കാരണങ്ങൾ പലതാകാം. ഇവയ്ക്കു പുറമെ, ഈശോയുടെ ഉപമയിലെ, കള വിതച്ചിട്ട് ഇരുട്ടിൽ മറഞ്ഞുകളയുന്ന ദുഷ്ടനെപ്പോലെ (മത്താ. 13/25), അപവാദ പ്രചരണങ്ങളിലൂടെ പരസ്പര വെറുപ്പും ശത്രുതയും നിഷ്കളങ്കമനസ്സുകളിൽ പാകി വളർത്തി കുടുംബങ്ങളിലും സമൂഹങ്ങളിലും അനൈക്യം വിതയ്ക്കുന്ന ബാഹ്യശക്തികളും ബന്ധങ്ങളെ തകർക്കാൻ കാരണമാകാം. അല്പകാലത്തേയ്ക്കെങ്കിലും ഇത്തരം പൈശാചികവേലയ്ക്കു സ്വയം സമർപ്പിക്കുന്നവർ വരുത്തിവയ്ക്കുന്ന ദ്രോഹം വളരെ വലുതാണ്. പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ വെറുപ്പിന്റേയും വിഭാഗീയതയുടേയും വഴി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നവരുടെ ഉപദേശങ്ങൾ ജാഗ്രതയോടെ തിരിച്ചറിയണം, ഒഴിവാക്കണം.

ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ അനുരഞ്ജനശ്രമങ്ങളും സാധാരണമാണ്. അനുരഞ്ജനശ്രമങ്ങളെ പൊതുവിൽ മാനുഷികമായ സമീപനം, ദൈവികമായ സമീപനം എന്നിങ്ങനെ രണ്ടായി തിരിക്കാം. ദൈവികമായ സമീപനത്തിനു മാത്രമേ, നിലനിൽക്കുന്ന സ്നേഹത്തിൽ

Contd. ...2

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



ബന്ധങ്ങളെ ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ. മാനുഷികമായ രീതിയിൽ അനുരഞ്ജനം സൃഷ്ടിക്കാൻ ശ്രമിച്ചാൽ ഉണ്ടാകാൻ പോകുന്നത് ഒരു താല്കാലിക നീക്കുപോക്ക് മാത്രമായിരിക്കും. ഇരുകൂട്ടർക്കും, നേട്ടം ഉണ്ടാക്കാനായി അല്ലങ്കിൽ നഷ്ടം ഇല്ലാതാക്കാനായി ഉണ്ടാക്കിയെടുക്കുന്ന ഒരു ധാരണയായിരിക്കും അത്. ഒരു ഉദാഹരണം പരിശോധിക്കാം: തന്റെ അമ്മായിയപ്പനായ ലാബാന്റെ പക്കൽനിന്നും തനിക്കുള്ളതെല്ലാമെടുത്ത് കടന്നുകളഞ്ഞ യാക്കോബിനെയും സംഘത്തേയും പിൻതുടർന്ന് ലാബാനും അനുചരന്മാരും എത്തുന്ന ഒരു രംഗം ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. അതുവരെ പരസ്പരം ഏല്പിച്ച നഷ്ടങ്ങളും വൈകാരികമുറിവുകളും തുറന്നു കാണിച്ചതിനുശേഷം ഇരുദിശകളിലേക്ക് പിരിഞ്ഞുപോകാനാണ് കണ്ടുമുട്ടിയപ്പോൾ അവർ തീരുമാനിച്ചത്. അവർക്കിടയിൽ അതിരും സാക്ഷ്യവുമായി ഒരു കൽകൂമ്പാരവും ഒരു തൂണും അവർ സ്ഥാപിച്ചു. 'നിന്നെ ഉപദ്രവിക്കാൻ ഈ കൂമ്പാരത്തിന് അപ്പുറത്തേയ്ക്ക് ഞാനും, എന്നെ ഉപദ്രവിക്കാൻ ഇപ്പുറത്തേയ്ക്കു നീയും കടക്കുകയില്ല' (ഉല്പ. 31/52) എന്നവർ പരസ്പരം ഉടമ്പടി ചെയ്തു. ദൈവത്തെ സാക്ഷി നിറുത്തിയാണ് പരസ്പരം പിരിയാൻ അവർ തീരുമാനിച്ചത്. പരസ്പരം പിരിഞ്ഞ് അകലുന്നവർക്കിടയിലെ നിശബ്ദസാക്ഷിയായി നിൽക്കുന്ന ദൈവത്തെ നാം അവിടെ കാണുന്നു.

എന്നാൽ, അനുരഞ്ജനം ഒരു ദൈവികപ്രവൃത്തി എന്ന നിലയിൽ സംഭവിക്കുമ്പോൾ അനുരഞ്ജനശ്രമങ്ങളുടെ നിശബ്ദസാക്ഷിയായല്ല മറിച്ച്, ക്ഷമ നൽകിയും നഷ്ടങ്ങളുടെ വിലയൊടുക്കിയും സ്നേഹത്തോടെ ചേർത്തണച്ചും രമ്യതയുടെ ആദ്യ ചുവടുവയ്ക്കുന്ന കാരുണ്യവാനായാണ് ദൈവം ഇടപെടുന്നത്. തന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ എല്ലാവരേയും എല്ലാറ്റിനേയും തന്നോട് അനുരഞ്ജിപ്പിക്കുകയും അവന്റെ കുരിശിലെ രക്തം വഴി സമാധാനവും രക്ഷയും സ്ഥാപിക്കുകയും ചെയ്യുന്ന സ്നേഹപിതാവായ ദൈവത്തെയാണ് പുതിയനിയമത്തിൽ നാം കാണുന്നത് (കൊളോ. 1/20). വിഘടിച്ച് നിൽക്കുന്നവർക്കിടയിൽ അതിരും മതിലും പോലെ നിൽക്കുന്ന കൽത്തൂണല്ല ഈശോയിൽ വെളിപ്പെട്ട ദൈവം.

യഥാർത്ഥ അനുരഞ്ജനം ദൈവം ആരംഭിക്കുന്ന ത്യാഗപൂർണ്ണമായ പ്രവർത്തിയാണെന്ന് മനസ്സിലാക്കുകയും അംഗീകരിക്കുകയുമാണ് നാം ചെയ്യേണ്ട ആദ്യത്തെ കാര്യം. 'വരുവിൻ നമുക്ക് രമ്യതപ്പെടാം' (ഏശ. 1/18) എന്നു ക്ഷണിക്കുന്ന ദൈവത്തോടാണ് മനുഷ്യർ ആദ്യമായി അനുരഞ്ജിതരാകേണ്ടത്. 'അങ്ങേയ്ക്കെതിരായി, അങ്ങേയ്ക്കു മാത്രമെതിരായി ഞാൻ പാപം ചെയ്തു. അങ്ങയുടെ മുൻപിൽ ഞാൻ തിന്മ പ്രവർത്തിച്ചു' (സങ്കീ. 51/4) എന്ന ദാവീദിന്റെ അനുതാപ സങ്കീർത്തനം നമ്മുടേയും പ്രാർത്ഥനയാക്കാം. തന്റെ മരണം വഴി സ്വന്തം ഭൗതികശരീരത്തിൽ നമ്മെ അനുരഞ്ജിപ്പിച്ച ക്രിസ്തുവിനോടുള്ള (കൊളോ. 1/22) ബന്ധമാണ് മറ്റെല്ലാ ബന്ധങ്ങളുടേയും അടിസ്ഥാനം. ഉത്ഥിതനും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തവനുമായ ക്രിസ്തുവിന്റെ മൗതികശരീരമാണല്ലോ ഇന്ന് ഈ ഭൂമിയിൽ ഉള്ളത്. അതുകൊണ്ടാണ്, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയോടുള്ള യോജിപ്പ് അനുരഞ്ജനത്തിന്റെ മുൻവ്യവസ്ഥയും ആദ്യപടിയുമാകുന്നത്. സഭയുടെ ഐക്യം കാത്തുസൂക്ഷിക്കാൻവേണ്ടി നാം സഹിക്കേണ്ടിവരുന്ന ത്യാഗങ്ങൾ ആദ്ധ്യാത്മിക അച്ചടക്കത്തിന്റെ ഭാഗമായി സ്വീകരിക്കണം. ഏകീകൃത കുർബാനയർപ്പണരീതിയെ സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങളിലും അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അകൽച്ചകളിലും ദൈവികമായ അനുരഞ്ജനത്തിന്റെ വഴികളേതെന്ന് നമുക്ക് ഒന്നിച്ച് അന്വേഷിക്കാം. ദൈവത്തോടും സഭയോടും രമ്യതപ്പെടാതെ മനുഷ്യരോട് രമ്യപ്പെടാൻ നടത്തുന്ന ശ്രമങ്ങൾക്ക് പരിധിയും പരിമിതിയുമുണ്ടെന്ന് നാം ഓർമ്മിക്കണം.

'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ. 15/12) എന്നാണല്ലോ നമ്മുടെ കർത്താവും ദൈവവുമായ ഈശോ നമ്മോടു പറഞ്ഞത്. അതുകൊണ്ട്, പരസ്പരസ്നേഹത്തിന്റെ ഉൾക്കാമ്പായ അനുരഞ്ജനത്തിന്റെ മാർഗ്ഗങ്ങളും രീതികളും ദൈവത്തിൽനിന്നുതന്നെയാണ് നാം പഠിക്കേണ്ടത്. ക്ഷമ കൊടുത്തുകൊണ്ടാണ് അനുരഞ്ജനത്തിന്റെ വാതിൽ ദൈവം തുറക്കുന്നത് എന്നതാ

Contd. ...3

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



ണ് ദൈവികമായ അനുരഞ്ജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈശോയുടെ കുരിശിലെ മരണത്തിൽ നാം കാണുന്നത് ഇതാണ്. വിശുദ്ധ പൗലോസ് പറയുന്നതുപോലെ, 'നാം ശത്രുക്കൾ ആയിരുന്നപ്പോൾ അവിടുത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യതപ്പെട്ടു' (റോമ. 5/10). അനുരഞ്ജനത്തിനായി ദൈവം വാതിൽ ഉദാരമായി തുറക്കുമ്പോൾ നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾകൊണ്ട് അനുരഞ്ജനത്തിന്റെ ദൈവികപദ്ധതി നാം അടച്ചുകളയരുത്. സ്വാതന്ത്ര്യത്തിനും നീതിക്കും ജീവിതത്തിൽ ദൈവഹിതം എന്ന് നിർവ്വചനം നൽകിയ പരിശുദ്ധ മറിയവും (ലൂക്കാ 1/38) വിശുദ്ധ യൗസേപ്പും (മത്താ. 1/19, 24) അനുരഞ്ജനത്തിന്റെ യഥാർത്ഥ മാതൃകകളാണ്.

ആദിമാതാപിതാക്കളുടെ പാപം മൂലമാണ് ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടുമുള്ള മനുഷ്യന്റെ ബന്ധം തകർന്നതെന്ന് നമുക്കറിയാമല്ലോ. ദൈവത്തോടൊപ്പം നടന്നിരുന്ന മനുഷ്യർ ദൈവത്തിൽനിന്ന് ഒളിച്ചുനിൽക്കാൻ തുടങ്ങി. മനുഷ്യർ പരസ്പരം പഴിചാരാൻ ആരംഭിച്ചു. ഭൂമി കഷ്ടതകൾ നിറഞ്ഞ ഒരു പണിയിടമായി മാറി. ഇങ്ങനെ ബന്ധങ്ങളെല്ലാം പാടേ തകർന്ന ഏദൻതോട്ടത്തിൽ അനുരഞ്ജനത്തിന് മുൻകൈ എടുത്തത് ദൈവമാണ്. അവിടുന്ന് മനുഷ്യനെ അന്വേഷിച്ചുവന്നു. 'നീ എവിടെയാണ്?' (ഉല്പ. 3/9) എന്നു ചോദിച്ചുകൊണ്ട് മനുഷ്യനുമായി സംഭാഷണമാരംഭിച്ചു. അനുരഞ്ജനം ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ വൽസലമക്കളെപ്പോലെ ദൈവത്തെ അനുകരിച്ച് സംഭാഷണത്തിന് തുടക്കം കുറിക്കണം. എന്താണ് സംഭവിച്ചതെന്ന് പറയാനും കേൾക്കാനും തയ്യാറാകണം. നിയമങ്ങളും ലംഘനങ്ങളും വെളിപ്പെടണം. സ്നേഹത്തിൽ സത്യം മുറുകെ പിടിച്ചുകൊണ്ട് ക്രിസ്തീയ പക്വതയോടെ (എഫേ. 4/15) പരസ്പരം സംസാരിക്കാൻ കഴിയണം. ആൾക്കൂട്ടങ്ങളുടെ ആക്രോശങ്ങളല്ല, ആദരവോടെയുള്ള സംഭാഷണമാണ് വേണ്ടത്. അപ്പോൾ നീതിയിലും സത്യത്തിലും അധിഷ്ഠിതമായ അനുരഞ്ജനം സാധ്യമാകും.

അനുരഞ്ജനത്തിന്റെ ഹൃദയസ്പർശിയായ ഒരു ചിത്രമാണല്ലോ ധൂർത്തപുത്രന്റെ ഉപമയിൽ ഈശോ വരച്ചുവയ്ക്കുന്നത്. മടങ്ങിവന്ന ആ ധൂർത്തപുത്രനെ അവന്റെ പിതാവ് ആലിംഗനം ചെയ്യുകയാണ് ആദ്യമായി ചെയ്തത്. ആലിംഗനത്തിന്റെ അർത്ഥങ്ങൾ നാം ധ്യാനിക്കണം. നീ എനിക്ക് വിലപ്പെട്ടവനാണ്, നീ ബഹുമാന്യനാണ്, നിന്റെ തിരിച്ചുവരവിൽ ഞാൻ അതിയായി ആനന്ദിക്കുന്നു - ഇതെല്ലാമാകാം ആ പിതാവ് ആലിംഗനത്തിലൂടെ തന്റെ പുത്രനോട് പറഞ്ഞത്. മറുവശത്ത്, തികഞ്ഞ ധിക്കാരത്തിനും ധൂർത്തിനും ശേഷം തിരിച്ചുവന്ന മകൻ അപ്രതീക്ഷിതമായി അവനു ലഭിച്ച ആലിംഗനത്തിൽനിന്ന് എന്തായിരിക്കും മനസ്സിലാക്കിയിട്ടുണ്ടാവുക? ഒരുപക്ഷേ, അവന്റെ ഹൃദയം ഇങ്ങനെയെല്ലാം ചിന്തിച്ചിരിക്കാം: പിതാവ് എന്നെ അതിരറ്റ് സ്നേഹിക്കുന്നു, പിതാവ് എന്നോട് ക്ഷമിച്ചിരിക്കുന്നു, പിതാവിനോട് ഞാൻ വലിയ തെറ്റ് ചെയ്തിരിക്കുന്നു. പരസ്പരം അനുരഞ്ജിതരാൻ നാം ശ്രമിക്കുമ്പോൾ ഈശോയുടെ ഉപമയിലെ അപ്പന്റേയും ഇളയമകന്റേയും ശൈലികൾ നാം മാറിമാറി സ്വീകരിക്കണം. സുബോധം വീണ്ടെടുത്ത് മടങ്ങിവരവിന് തയ്യാറാകണം. മടങ്ങിവരവിന്റെ ലക്ഷണങ്ങൾ കാണിക്കുന്നവരെ ക്ഷമയുടെ ആലിംഗനംകൊണ്ട് പൊതിയണം. കുടുംബങ്ങളിലും സമൂഹങ്ങളിലും സഭയിലും നാം ഓരോരുത്തരും ആരോടെല്ലാം ദയാലുവായ അപ്പനെപ്പോലെ പെരുമാറണമെന്നും ആരുടെയെല്ലാം അടുത്തേയ്ക്ക് പശ്ചാത്താപവിവശനായ മകനെപ്പോലെ മടങ്ങി ചെല്ലണമെന്നും ആത്മപരിശോധന നടത്തി കണ്ടെത്തണം. മടങ്ങിവരുന്ന സഹോദരനും അവനെ സ്വീകരിക്കുന്ന അപ്പനും എതിരെ കുറ്റാരോപണങ്ങളുമായി വീടിനു പുറത്ത് കലഹിച്ചുനിൽക്കുന്ന മൂത്ത പുത്രനെ നാം ആരും അനുകരിക്കരുത്.

നമ്മുടെ അതിരൂപതയിൽ സഭയോടും പരസ്പരവുമുള്ള അനുരഞ്ജനം ഇപ്പോൾ ഏറ്റവും കൂടുതൽ പ്രകടമാകേണ്ടത് വിശുദ്ധ കുർബാന അർപ്പണരീതിയെകുറിച്ചുള്ളതാണ്. അനുരഞ്ജനത്തിന്റെ ചൈതന്യത്തിൽ സഭാകൂട്ടായ്മയിൽ നിലനിൽക്കുന്നതിന് ആഹ്വാനം ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ 2022 മാർച്ച്

Contd. ...4

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



25-ന് മംഗളവാർത്താതിരുനാൾ ദിനത്തിൽ എർണാകുളത്തെ ദൈവജനത്തിന് ഇപ്രകാരം എഴുതി: 'ക്രൈസ്തവ വിശ്വാസികൾ എന്ന നിലയിൽ, നമ്മുടെ പെരുമാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവട് പിന്നോട്ട് വയ്ക്കുന്നു, എന്നിങ്ങനെ സ്വയം ചോദിക്കുന്നത് നന്നായിരിക്കും. ഇത് കർത്താവിലെയ്ക്ക് നോക്കി അവിടത്തെ ഉൽകണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ച് അനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരെ മറ്റൊന്ന് എന്ന മാനുഷിക മാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്.' സിനഡ് തീരുമാനപ്രകാരമുള്ള ഏകീകൃത കുർബാനയർപ്പണരീതിയുടെ കാര്യത്തിൽ നമ്മുടെ അതിരൂപതയിലെ വിശ്വാസികൾ ഒരു മനസ്സോടെ സീറോമലബാർസഭയോട് അനുരഞ്ജനപ്പെട്ട് ഐക്യത്തിൽ പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് ഫ്രാൻസിസ് മാർപ്പാപ്പ ഇതുവഴി നൽകിയത്. മാർപ്പാപ്പ വീണ്ടും പറയുന്നു: 'ബുദ്ധിമുട്ടുള്ളതും വേദനാജനകവുമായ ഒരു ചുവടുവെപ്പ് നടത്താനാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു, എന്നാൽ, കർത്താവിന്റെ ശബ്ദം കേൾക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർത്ഥനയിലും വിശ്വസിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അത്മായവിശ്വാസികളുടെയും മാതൃകകൾ ഞാൻ നിങ്ങളിൽ കണ്ടെത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്.' പരിശുദ്ധ പിതാവ് നമ്മിലർപ്പിച്ച ഈ വിശ്വാസം നിറവേറ്റാൻ നമുക്ക് സാധിക്കട്ടെ. മാർപ്പാപ്പയും സഭയും ആവശ്യപ്പെടുന്ന ഈ അനുരഞ്ജനം സാധ്യമാകുന്നില്ലെങ്കിൽ നാം സഭാകൂട്ടായ്മയിൽനിന്നും അകലുകയായിരിക്കും ചെയ്യുന്നത്. 2023 ജനുവരിയിലെ സിനഡ് വ്യക്തമാക്കിയതുപോലെ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസ ഭവനങ്ങളിലും നിയമാനുസൃതമായ രീതിയിൽ കുർബാനയർപ്പണരീതി നടപ്പിലാക്കി സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയിൽനിന്ന് ശക്തി സംഭരിച്ച് ക്രൈസ്തവസാക്ഷ്യം നൽകാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

ആഗതമാകുന്ന ഉത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ കരുണയും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും മദ്ധ്യസ്ഥതയും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു!!!

എന്ന്, എറണാകുളം-അങ്കമാലി അതിരൂപതാ കാര്യാലയത്തിൽനിന്ന് 2023 മാർച്ച് 20-ാം തീയതി

+ Andrews Thazhath

ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി മേജർ അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

.................................................

N.B.: ഈ ഇടയലേഖനം 2023 മാർച്ച് 26-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.